(സി) ലാന്റ് റവന്യൂ കമ്മീഷണർ അദ്ധ്യക്ഷനായ നാലംഗ ഉദ്യോഗതല കമ്മിറ്റിയുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ നിർദ്ദേശം നൽകിയത്. സിവറേജ് ലൈനിന്റെവഴി തിരിച്ചുവിട്ടാൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ഉപദേശമൊന്നും ലഭിച്ചിട്ടില്ല.

(ഡി) അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

## പാറ്റൂരിൽ ഫ്ളാറ്റ് നിർമ്മാണ കമ്പനിയുടെ സർക്കാർഭൂമി കൈയേറ്റം

**154 (7123)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ പാറ്റൂരിൽ ഫ്ളാറ്റുനിർമ്മാണ കമ്പനി സർക്കാർഭൂമി കയ്യേറിയതായ പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് അന്വേഷണം നടന്നതെന്ന് വിശദമാക്കുമോ ;

(സി) അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ലാന്റ് റവന്യൂ കമ്മീഷണർ ചെയർമാനായും തിരുവനന്തപുരം ജില്ലാ കളക്ടർ, സർവ്വെ ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളായുമുള്ള ഒരു കമ്മിറ്റി അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

## കൊടകര പുലിപ്പാറക്കുന്നിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് നടപടി

**155 (7124)** ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊടകരയിലെ പുലിപ്പാറക്കുന്ന് നാല് സെന്റ് കോളനിയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഇപ്പോഴത്തെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവർക്ക് പട്ടയം നൽകുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) അപേക്ഷ ലഭിച്ചിട്ടില്ല. ചാലക്കുടി മണ്ഡലത്തിലെ കൊടകരയിലെ പുലിപ്പാറക്കുന്ന് നാലു സെന്റ് കോളനിയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഇപ്പോഴത്തെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച് പട്ടികജാതി വികസനവകുപ്പ് നൽകുന്ന അനുവാദ പത്രിക സഹിതമുള്ള അപേക്ഷകളൊന്നും വില്ലേജ് ഓഫീസിലോ താലൂക്ക് ഓഫീസിലോ ലഭിച്ചിട്ടില്ല.

(ബി) അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ കൈവശഭൂമിയുടെ പട്ടയം

158 (7125) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈവശഭൂമിയുടെ പട്ടയം ലഭിക്കാൻ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന എത്ര അപേക്ഷകൾ നിലവിലുണ്ട് ; വില്ലേജ് തിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ എത്രപേർക്ക് പട്ടയം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

ചെറുവത്തൂർ പഞ്ചായത്ത് പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം

157 (7126) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ പഞ്ചായത്ത് പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം ലഭിക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ പഞ്ചായത്തിലെ ചെറുവത്തൂർ വില്ലേജിലെ പുഴ പുറമ്പോക്ക് ഭൂമി കൈവശംവച്ചുവരുന്ന 67 കുടുംബങ്ങൾക്ക് 5 സെന്റ് ഭൂമിവീതം പതിച്ചുനൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly